# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 225 04.02.2013-ൽ മറുപടി**

**<u>കസ്റ്റഡി മർദ്ദനം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എളമരം കരീം<br>ശ്രീ വി. ചെന്താമരാക്ഷൻ<br>ശ്രീ കെ. ദാസൻ<br>ശ്രീ ജെയിംസ് മാത്യു | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) പോലീസ് കസ്റ്റഡിയിലെടുത്ത ആളുകൾ മർദ്ദനമേറ്റ് മരണപ്പെടുന്നതും, ഗുരുതരമായ പരിക്കുകളോടെ ചികിത്സയിൽ കഴിയുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് കസ്റ്റഡിയിലെടുത്ത ആളുകൾ പോലീസ് മർദ്ദനമേറ്റ് മരണപ്പെടുകയോ മർദ്ദനത്തിൽ ഗുരുതരമായ പരിക്കുകളോടെ ചികിത്സയിൽ കഴിയുന്നതോ ആയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ചോദ്യം ചെയ്യുന്നതിനായി കസ്റ്റഡിയിലെടുക്കുന്നവരെ പോലീസ് പലതരത്തിൽ പീഡിപ്പിച്ച്, തങ്ങൾ മുൻകൂട്ടി തയ്യാറാക്കിയ മൊഴികൾ പറയിപ്പിച്ച് രേഖപ്പെടുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത നടപടി നിയമാനുസൃതമാണോ ; | (ബി) പീഡിപ്പിച്ച് മൊഴികൾ പറയിപ്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ക്രിമിനൽ കേസ് അന്വേഷണങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥന്മാരിൽ ചിലർ, നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ? | (സി) അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണത്തിനായി നിയമവിരുദ്ധമായ മാർഗങ്ങൾ സ്വീകരിക്കുകയോ അപ്രകാരം പ്രവർത്തിക്കുകയോ ചെയ്താൽ അത്തരക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. പോലീസ് ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ